"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 27, Sy. No.1718/3-ൽ (റീസർവ്വെ 34 ൽ) ഉൾപ്പെട്ട BTR പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമി ഇനം മാറ്റി സർക്കാർ തരിശാക്കി മാറ്റി ശ്രീ.പൗലോസ് മുതൽ പേർക്ക് (5 കുടുംബങ്ങൾക്ക്) പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.344/2025/RD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. ജില്ലാ കളക്ടറുടെ 06.11.2017, 25.07.2018, 28.05.2019, 14.09.2020 എന്നീ തീയതികളിലെ ബി.4-17310/2003 നമ്പർ കത്തുകൾ.
2. ലാൻറ് റവന്യൂ കമ്മീഷണറുടെ 11.10.2022 ലെ എൽ. ആർ/ 947/2022/ജെ.6 നമ്പർ കത്ത്.
3. 11.12.2024 ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 27, Sy. No.1718/3-ൽ (റീസർവ്വെ 34 ൽ) കുളം പുറമ്പോക്ക് ഭൂമി പതിച്ചു കിട്ടുന്നതിനായി താഴെ പറയുന്ന ശ്രീ.പൗലോസ് മുതൽ പേർ അപേക്ഷ സമർപ്പിച്ചിരുന്നു.

| ക്രമ നം. | അപേക്ഷകർ | കൈവശഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|
| 1 | ശ്രീ. പൗലോസ് എൻ & റ്റി. വസന്ത | 4.5 സെന്റ് |
| 2 | ശ്രീ. രവി. റ്റി & കെ അംബി | 3.25 സെന്റ് |
| 3 | ശ്രീ.ശശി.കെ & ഗിരിജ | 3.6 സെന്റ് |
| 4 | ശ്രീ. ശശിധരൻ പി & കുമാരി.എം | 3 സെന്റ് |
| 5 | ശ്രീ. മണിയൻ എൽ & നിർമ്മല | 2.5 സെന്റ് |

മേൽ പറഞ്ഞ അപേക്ഷകർക്ക് ടി ഭൂമി അല്ലാതെ മറ്റു ഭൂമിയൊന്നും തന്നെയില്ലായെന്ന് തിരുവനന്തപുരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ ടി അപേക്ഷകർ കൈവശം വച്ച് വരുന്ന ഭൂമി BTR പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതും നിലവിൽ കുളം

ഇല്ലാത്തതും കഴിഞ്ഞ 30 വർഷമായി അപേക്ഷകരുടെ കൈവശത്തിലുള്ളതും വീട് വച്ച് താമസിച്ച് വരുന്നതുമാണ്. പ്രസ്തുത സ്ഥലത്ത് ടി 5 അപേക്ഷകർ ഒഴികെ മറ്റുള്ളവർക്കെല്ലാം പട്ടയം ലഭിച്ചിട്ടുള്ളതായും ടി അപേക്ഷകർക്ക് 2004-ൽ കൈവശരേഖ ലഭിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം അപേക്ഷകർ വാസസ്ഥലമായി ഉപയോഗിച്ചു വരുന്നതിനാൽ പൊതു ആവശ്യത്തിനായി ഉപയോഗിക്കേണ്ടി വരുന്നില്ലെന്നും അപേക്ഷകരായ ശ്രീ. പൗലോസ് മുതലായ അഞ്ചു പേർക്ക് പ്രസ്തുത സ്ഥലം പതിച്ച് നൽകുന്നതിൽ ആക്ഷേപമില്ല എന്ന് തിരുവനന്തപുരം നഗരസഭ വ്യക്തമാക്കിയിട്ടുള്ളതാണെന്നും, ശ്രീ. പൗലോസ്, രവി, കെ.ശശി, ശശിധരൻ, മണിയൻ എന്നിവർ എല്ലാവരും കൂലിപ്പണിക്കാരും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും എല്ലാവർക്കും വാർഷിക വരുമാനം 48,000/- രൂപ കണക്കാക്കാവുന്നതാണെന്നും ആയതിനാൽ ടി അപേക്ഷകർ സൗജന്യ പതിവിന് അർഹരാണെന്നും ടി സ്ഥലം കുളം പുറമ്പോക്ക് ഇനത്തിൽപ്പെട്ടതായതിനാൽ ഇനം മാറ്റി പതിവു ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ പതിച്ചു നല്കാൻ കഴിയുകയുള്ളൂയെന്നും ആയതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (1)&(2) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ ബ്ലോക്ക് 27, Sy. No.1718/3-ൽ (റീസർവ്വെ 34 ൽ) ൽ BTR പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതും നിലവിൽ കുളം ഇല്ലാത്തതുമായ ഭൂമി ഇനം മാറ്റി സർക്കാർ തരിശാക്കി മാറ്റി 30 വർഷമായി പ്രസ്തുത സ്ഥലം കൈവശം വച്ച് താമസിച്ച് വരുന്ന താഴെ പറയുന്ന അപേക്ഷകർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | അപേക്ഷകർ | കൈവശഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|
| 1 | ശ്രീ. പൗലോസ് എൻ & റ്റി. വസന്ത | 4.5 സെന്റ് |
| 2 | ശ്രീ. രവി. റ്റി & കെ അംബി | 3.25 സെന്റ് |
| 3 | ശ്രീ.ശശി.കെ & ഗിരിജ | 3.6 സെന്റ് |
| 4 | ശ്രീ. ശശിധരൻ പി & കുമാരി.എം | 3 സെന്റ് |
| 5 | ശ്രീ. മണിയൻ എൽ & നിർമ്മല | 2.5 സെന്റ് |

3. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
ശ്രീ. പൗലോസ് എൻ & റ്റി. വസന്ത, ശ്രീ. രവി. റ്റി &കെ അംബി, ശ്രീ.ശശി.കെ & ഗിരിജ, ശ്രീ. ശശിധരൻ പി & കുമാരി.എം, ശ്രീ. മണിയൻ എൽ & നിർമ്മല (ജില്ലാ കലക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
വിവര-പൊതു ജനസമ്പർക്ക (വെബ്& ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 27-12-2025 12:46:12
സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
സെക്രട്ടറിയുടെ പി. എ.ക്ക്,
അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്